LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. നിർദ്ദിഷ്ട പദ്ധതിയുടെ രൂപകൽപനയ്ക്ക് ഉപയോഗിച്ചിരിക്കുന്ന maximum flood level(MFL) +9.60 മീ. ആണ്. 2018-ൽ ഉണ്ടായ പ്രളയത്തിൽ MFL 11.55 മീറ്ററും 2019-ൽ +9.6 മീറ്ററും 2020-ൽ +12.05 മീറ്ററും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2020-ൽ രേഖപ്പെടുത്തിയ MFL നിർദ്ദിഷ്ട പദ്ധതിയുടെ രൂപകൽപനയ്ക്ക് ഉപയോഗിച്ചിരിക്കുന്ന MFL-നെക്കാളും വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട സ്ലൂയിസ് കം റഗുലേറ്ററിന്റെ റീ ഡിസൈൻ ആവശ്യമാണോയെന്നത് പരിശോധിക്കുന്നതിനായി 28-2-2021-ൽ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് യാതൊരു നിർമ്മിതിയുടെയും സ്ലൂയിസ് കം റഗുലേറ്റർ സ്റ്റെബിലിറ്റി ഉറപ്പാക്കാൻ സാധിക്കില്ലെന്നും ആയതിനാൽ മിനി ഡാം കം ആർ.സി.ബി. നിർദ്ദിഷ്ട സ്ഥലത്ത് പണിയുന്നതിനുള്ള സാധ്യത പുനഃപരിശോധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പര്യവേഷണ പ്രവൃത്തികൾക്കായി 16.60 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് പദ്ധതി വിഭാഗം-2, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. അപ്രകാരം വിശദമായ പര്യവേഷണം/ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പുനർ രൂപകല്പന ചെയ്ത് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മാണം

221(967) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം പുനർനിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ & ബി) ചെല്ലൻകാവ് മിനി ഡാമിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് 4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ഏരി നിലകൊള്ളുന്ന സ്ഥലത്തെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള പരിശോധനയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് നിലവിലുള്ളതെന്ന് പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസിൽ നിന്നും അറിഞ്ഞതിനെത്തുടർന്ന് പാലക്കാട് തഹസീൽദാരുമായി ബന്ധപ്പെടുകയും, തഹസിൽദാർ പുതുശ്ശേരി സെൻട്രൽ

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് ഓഫീസറോട് ഏരിയുടെ നിലവിലെ കൈവശക്കാരുടെയും, ഉടമസ്ഥരുടെയും പേരു വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനുശേഷം ഏരിയുടെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിന്റേതാണെന്ന് വ്യക്തമാകുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൽപ്പറ്റ മണ്ഡലത്തിലെ ഐക്കരപ്പടി ചെക്ക് ഡാം നിർമ്മാണം

222(968) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ തരിയോട് പഞ്ചായത്തിൽ ഐക്കരപ്പടി ചെക്ക് ഡാം നിർമ്മാണത്തിന് പുതിയ ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ&ബി) നടപടികൾ സ്വീകരിച്ചുവരുന്നു. ഐക്കരപ്പടിയിൽ തരിയോട് ഭാഗത്ത് ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 22/10/2020-ലെ ഉത്തരവ് നമ്പർ എം.ഐ.ഡി.എസ്. ബി.വൈ. 2020, 3054/ ഐ.എ, തീയതി. പ്രകാരം ഭരണാനുമതി നല്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സൈറ്റ് സന്ദർശന വേളയിൽ ചെക്ക് ഡാമിന്റെ 2 കി.മീ. താഴ്ഭാഗത്തുള്ള ഒരുവുമ്മൽ വി.സി.ബി.-യുടെ ഷട്ടറുകൾ ഇട്ടപ്പോൾ നിർദ്ദിഷ്ട സ്ഥാനത്ത് ആവശ്യത്തിന് ജലവിതാനം ലഭ്യമാകുമെന്നും ആയതിനാൽ നിർദ്ദിഷ്ട പ്രവൃത്തി ഈ സ്ഥലത്തിന്റെ 2 കി.മീ. മുകൾ ഭാഗത്തുള്ള മടത്തുവയൽ എന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നല്കണമെന്നും അപേക്ഷിച്ചുകൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് നല്കിയതിനാൽ ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിരിക്കുകയാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് ചെക്ക്ഡാം നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.